# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188 — 17.02.2016 ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മോയിൻ കുട്ടി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സഹകാരികളിൽ നിന്ന് യഥാസമയം പണം പിടിച്ചടയ്ക്കാത്തതുമൂലം, ആനുകൂല്യം ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (എ) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം സഹകാരികളിൽ നിന്ന് യഥാസമയം പണം പിടിച്ചടയ്ക്കാത്തതുമൂലം, പദ്ധതിയുടെ ആനുകൂല്യം ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംഘത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണ സമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണെന്ന വ്യവസ്ഥ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ